# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 24

# വാർത്താക്കുറിപ്പ്

## ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം; അപേക്ഷ സെപ്റ്റംബർ മൂന്നിനകം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ നിയമനത്തിന് സെപ്റ്റംബർ 13ന് ഉച്ചകഴിഞ്ഞ് മൂന്നിന് ഓൺലൈൻ ഇന്റർവ്യൂ നടത്തും. ഒരു വർഷത്തേക്കാണ് നിയമനം. രണ്ടൊഴിവാണുള്ളത്. യോഗ്യത: കെമിസ്ട്രി/പോളിമർ കെമിസ്ട്രിയിൽ ഫസ്റ്റ്/സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദം, ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തിപരിചയം. മാസം സഞ്ചിതനിരക്കിൽ 15000 രൂപ പ്രതിഫലം ലഭിക്കും. പ്രായം 2021 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. പട്ടികജാതി, പട്ടിക വർഗ, പിന്നാക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കും. താല്പര്യമുള്ളവർ mgu.ac.in എന്ന വെബ് സൈറ്റിൽ നൽകിയിട്ടുള്ള വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷഫോറം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ജാതി തെളിയിക്കുന്ന രേഖകൾ/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സെപ്റ്റംബർ മൂന്നിനകം ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ യോഗ്യരായ ഉദ്യോഗാർഥികളെ സെപ്റ്റംബർ 13ന് ഉച്ചകഴിഞ്ഞ് മൂന്നിന് നടക്കുന്ന ഓൺലൈൻ അഭിമുഖത്തിൽ പങ്കെടുപ്പിക്കും. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/808/2021)

## സൂക്ഷ്മപരിശോധന: അപേക്ഷകർ ഹാജരാകണം

2020 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ വിവിധ വിഷയങ്ങളുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾ ഓഗസ്റ്റ് 26ന് രാവിലെ 11നും വൈകീട്ട് നാലിനുമിടയിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുമായി കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് സിൽവർ ജൂബിലി പരീക്ഷഭവനിലെ 226-ാം നമ്പർ മുറിയിലെ ഇ.ജെ. 8 സെക്ഷനിൽ ഹാജരാകണം.

(പി.ആർ.ഒ/39/809/2021)

## പരീക്ഷാ ഫലം

2020 സെപ്റ്റംബറിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ഫിസിക്സ് (സി.എസ്.എസ്., 2019-2021 ബാച്ച് റഗുലർ, 2011-13 ബാച്ച് മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/810/2021)

## അപേക്ഷ സെപ്റ്റംബർ 6 വരെ

കോവിഡ് - 19 രോഗബാധ മൂലമോ അനുബന്ധ പ്രശ്നങ്ങളാലോ എം.ബി.എ സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷ എഴുതാൻ കഴിയാതിരുന്ന (2000 മുതൽ 2014 വരെ അഡ്മിഷൻ) വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ അവസരം. ഇതിലേക്കുള്ള അപേക്ഷകൾ സെപ്റ്റംബർ ആറിന് മുൻപ് സർവകലാശാല ഓഫീസിൽ സമർപ്പിക്കണം. പരീക്ഷാ ഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ സ്പെഷ്യൽ

ഉണ്ടായിരിക്കണം. നേരിട്ട് അയയ്ക്കുന്നതുകൂടാതെ അപേക്ഷയും അനുബന്ധ രേഖകളും ar12@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലും അയക്കണം.

(പി.ആർ.ഒ/39/811/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ